പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1870 08.06.2018-ലെ മറുപടിക്ക്

# കെ. എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>" പി.ടി. തോമസ്<br>" വി.പി.സജീന്ദ്രൻ<br>" ഷാഫി പറമ്പിൽ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കുന്നതിന് ഇന്ധനവിലയിലുണ്ടായിട്ടുള്ള വൻ വർദ്ധനവ് എത്ര മാത്രം കാരണമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | അടിക്കടിയുണ്ടാകുന്ന ഇന്ധന വിലയിലുള്ള വൻ വർദ്ധനവ് മൂലം കെ.എസ്.ആർ.ടി.സി.യ്ക്ക് പ്രതിമാസം 11 കോടി രൂപയോളം അധിക ചെലവ് വരുന്നുണ്ട്. ഇത് മൂലം ടയർ വാങ്ങിയ ഇനത്തിലും സ്പെയർ പാർട്സുകൾ വാങ്ങിയ ഇനത്തിലും കമ്പിനികൾക്ക് കൊടുക്കാനുള്ള തുക കണ്ടെത്താൻ സാധിക്കാതെ പ്രതിസന്ധി ഉണ്ടാകുന്നുണ്ട്. |
| (ബി) | ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും 3100 കോടി രൂപ കെ.എസ്.ആർ.ടി.സിക്ക് ലഭിച്ചിട്ടുണ്ടോ; ഏതൊക്കെ ബാങ്കുകളുടെ കൺസോർഷ്യമാണ് പ്രസ്തുത തുക അനുവദിച്ചതെന്ന് അറിയിക്കാമോ; | (ബി) | ലഭിച്ചിട്ടുണ്ട്.<br>എസ്.ബി.ഐ - 1000 കോടി<br>കാനറാ ബാങ്ക് - 500 കോടി<br>വിജയാ ബാങ്ക് - 500 കോടി<br>ലക്ഷ്മി വിലാസ് ബാങ്ക് - 150 കോടി<br>കെ.റ്റി.ഡി.എഫ്.സി. - 950 കോടി |
| (സി) | കൺസോർഷ്യത്തിൽ നിന്ന് ലഭിച്ച തുക എപ്രകാരമാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | കൺസോർഷ്യത്തിൽ നിന്നും ലഭിച്ച തുക കൊണ്ട് കെ.എസ്.ആർ.ടി.സി. മുൻ ബാങ്ക് കൺസോർഷ്യം, മറ്റ് സഹകരണ ബാങ്കുകൾ, LIC, HUDCO, ഉൾപ്പെടെയുള്ള ധനകാര്യ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിൽ നിന്നും കൂടിയ പലിശയ്ക്കും കുറഞ്ഞ തിരിച്ചടവ് കാലാവധിയിലും എടുത്തിരുന്ന വായ്പകളുടെ കുടിശ്ശിക അടച്ചു തീർത്തു കഴിഞ്ഞു. |
| (ഡി) | അടുത്ത രണ്ട് വർഷത്തേക്ക് കടമെടുക്കുന്നതിന് ബാങ്കുളുടെ കൺസോർഷ്യം കർശന വായ്പ നിബന്ധനകൾ വച്ചിട്ടുണ്ടോ; എങ്കിൽ ശമ്പളവും പെൻഷനും നൽകുന്നതിന് കെ.എസ്.ആർ.ടി.സി. നിലവിൽ എന്ത് മാർഗ്ഗമാണ് അവലംബിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. പുതിയ കൺസോർഷ്യം വായ്പ ലഭിച്ചതിനുശേഷം തിരിച്ചടവിൽ മിച്ചം പിടിക്കുന്ന തുകയും സർക്കാരിൽ നിന്നും വായ്പ ഇനത്തിൽ ലഭിക്കുന്ന സാമ്പത്തിക സഹായവുംകൊണ്ട് ശമ്പളം കൃത്യമായി നൽകി വരുന്നു. പെൻഷൻ വിതരണം സംബന്ധിച്ച് ജൂലൈ 2018 വരെ സഹകരണ ബാങ്കുകളുടെ കൺസോർഷ്യവുമായി ഒരു ധാരണാപത്രം നിലവിൽ ഉണ്ട്. അതിൻ പ്രകാരം പെൻഷൻ വിതരണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ